# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ- T 5280 24.10.2011-ൽ മറുപടിക്ക്

## യുവശക്തി പദ്ധതി

**ചോദ്യം**

ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. എം. ഉമ്മർ
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. സി. മോയിൻകുട്ടി

**മറുപടി**

കുമാരി പി. കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി)

(എ) യുവജനക്ഷേമ ബോർഡ് രൂപീകരിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് വിശദമാക്കുമോ;

(എ) കേരളത്തിലെ യുവജനങ്ങളുടെ സർവതോമുഖമായ വികസനത്തിനും ഉന്നമനത്തിനുമായി പ്രവർത്തിക്കുക എന്നതാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ മുഖ്യ ലക്ഷ്യം. യുവജനങ്ങളുടെ കലാ-കായിക, ശാസ്ത്ര-സാഹിത്യ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി അവരെ പൗരബോധവും സാമൂഹ്യ പ്രതിബദ്ധതയും സാന്മാർഗ്ഗിക ബോധവുമുളള ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുന്നതിനും, സാമൂഹിക വിപത്തായ മാരകരോഗങ്ങൾ, മയക്കുമരുന്ന്, മദ്യപാനം, വർഗ്ഗീയത എന്നിവയ്ക്കെതിരെ ബോധവത്ക്കരണം നടത്തുന്നതിനും യുവജനങ്ങളിലെ തൊഴിൽപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക എന്നതാണ് ബോർഡ് രൂപീകരണത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ;

(ബി) ബോർഡ് നടപ്പാക്കുന്ന യുവശക്തി പദ്ധതിയുടെ പ്രവർത്തന ലക്ഷ്യവും പ്രവർത്തന പുരോഗതിയും വിശദമാക്കാമോ;

(ബി) സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനവും സഹായകങ്ങളും നൽകുക, സ്വയംതൊഴിൽ എക്സ്ചേഞ്ചുകൾ സ്ഥാപിക്കുകയും ലേബർ ബാങ്കുകൾ രൂപീകരിക്കുകയും ചെയ്യുക, യുവാക്കളിൽ സാംസ്കാരിക ബോധം, ചരിത്ര പഠനം, ശാസ്ത്രീയ ചിന്ത, മതേതരത്വം, ദേശീയോദ്ഗ്രഥനം തുടങ്ങിയവ വളർത്തിയെടുക്കുക, വിവിധ പരിപാടികൾ സംഘടിപ്പിക്കാൻ യുവജനങ്ങൾക്ക് പ്രോത്സാഹനവും നേതൃത്വവും നൽകുക എന്നിവയാണ് യുവശക്തി പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. പദ്ധതിയുടെ ഭാഗമായി. പഞ്ചായത്ത് യൂത്ത് സെന്ററുകൾ, നിശ്ചിത ഘടനയുള്ള യൂത്ത് കോർഡിനേഷൻ കമ്മിറ്റി, കമ്മിറ്റിയുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ നേതൃത്വപരമായ പങ്ക് വഹിക്കുന്നതിന് യൂത്ത് കോ-ഓർഡിനേറ്ററും നിലവിൽ വന്നു. പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് യൂത്ത് സെന്ററുകൾ വിവിധ തൊഴിൽ പരിശീലന ബോധവൽക്കരണകാർഷിക പദ്ധതികൾ നടപ്പിലാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ യുവജനക്ഷേമ പദ്ധതികൾ നടപ്പിലാക്കുവാൻ കഴിഞ്ഞു. കൂടാതെ, പദ്ധതി വിഭാവനം ചെയ്തിട്ടുള്ള കലാ-കായിക സാംസ്കാരിക പാർക്ക്, ലേബർ ബാങ്ക്, ബ്ലഡ് ഡൊണേഴ്സ് ഫോറം, യുവകർമ്മസേന എന്നിവ രൂപീകരിച്ചു;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കോഓർഡിനേറ്റർമാർക്ക് നൽകിയിട്ടുള്ള ചുമതലകൾ എന്തെല്ലാമാണ്;

(ഡി) യുവജനങ്ങളിൽ അച്ചടക്കവും, പൗരബോധവും വളർത്തുന്നതിനും അവരിൽ മദ്യവിരുദ്ധ മനോഭാവം വളർത്തിയെടുക്കുന്നതിനും എന്തൊക്കെ ചുമതലകളാണ് കോ ഓർഡിനേറ്റർമാർക്ക് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) & (ഡി) യുവശക്തി പദ്ധതിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനായി തദ്ദേശ-സ്വയംഭരണ സ്ഥാപനതലത്തിൽ രൂപീകരിച്ചിട്ടുള്ള യൂത്ത് സെന്ററിന്റെയും യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ നേതൃത്വപരമായ പങ്ക് വഹിക്കുവാൻ കോ-ഓർഡിനേറ്റർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്;

| | |
|---|---|
| (ഇ) ഗ്രാമപ്രദേശങ്ങളിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് യുവജന ങ്ങളെ സജ്ജരാക്കാൻ ആവശ്യമായ പദ്ധ തികൾ ആവിഷ്ക്കരിക്കുമോ? | (ഇ) യുവശക്തി പദ്ധതിയുടെ ഭാഗമായി കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുകയും പരിസ്ഥിതി സംരക്ഷ ണത്തിനും, കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേക പരിശീലന ബോധവൽക്കരണ പരിപാടി കളും ദിനാചരണങ്ങളും നടത്തി വരുന്നു. ഇത്തര ത്തിലുളള ബോധവൽക്കരണ പരിപാടികൾ തുടർന്നും നടത്താനുദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ